(ബി) കോഴിക്കോട്.

(സി) ഇറിഗേഷൻ സെക്ഷൻ ആഫീസിൽ 5 ജീവനക്കാരും മൈനർ ഇറിഗേഷൻ ആഫീസിൽ 6 ജീവനക്കാരുമുണ്ട്.

(ഡി) കൊയിലാണ്ടി സബ്ഡിവിഷൻ ആഫീസിന്റെ പ്രവർത്തന മേഖലയിലെല്ലാം എത്തിച്ചേരുന്നതിന് സൗകര്യപ്രദമായ സ്ഥലം കോഴിക്കോട് ആയതിനാലാണ് ഈ ആഫീസ് കോഴിക്കോട് പ്രവർത്തിച്ചു വരുന്നത്. കൂടാതെ കോഴിക്കോടുള്ള കനോലി കനാലിന്റെ നവീകരണജോലികൾ ഏറ്റെടുത്ത് നടത്തുന്നത് ഈ സബ്ഡിവിഷൻ മുഖാന്തിരമാണ്.

(ഇ) കൊയിലാണ്ടി താലൂക്കിൽ പ്രവർത്തിച്ചിരുന്ന ആഫീസുകൾ ഇപ്പോഴും അവിടെത്തന്നെയാണ് പ്രവർത്തിക്കുന്നത്.

പമ്പ ഇറിഗേഷൻ പ്രോജക്ടിലെ സി.എൽ.ആർ. വിഭാഗം തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ

141 (2597) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ ഇറിഗേഷൻ പ്രോജക്ടിൽ ചെങ്ങന്നൂർ ഡിവിഷനിൽ 500 മുതൽ 2000 വരെ ദിവസങ്ങളിൽ ജോലി ചെയ്ത സി.എൽ.ആർ. വിഭാഗം തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷയിൻമേലുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ മറ്റു പദ്ധതികളിൽ സി.എൽ.ആർ.കാരെ സ്ഥിര പ്പെടുത്തിയ സാഹചര്യത്തിൽ ഈ പ്രോജക്ടിലെയും അർഹരായവരെ സ്ഥിര പ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കൂടുതലും അൻപതു വയസ്സിനു മുകളിൽ പ്രായമുള്ളവരും യാതൊരു തൊഴിൽ പരിരക്ഷയും ലഭിക്കാത്തവരുമായ ഈ വിഭാഗം തൊഴിലാളികൾക്ക് അനുഭാവ പൂർണ്ണമായ പരിഗണന നൽകുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ-സി) 19-5-1983 വരെ സി.എൽ.ആർ. ആയി ജലസേചന വകുപ്പിനു കീഴിൽ ജോലി നോക്കിയിട്ടുള്ള എല്ലാ തൊഴിലാളികളേയും സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 19-5-83-ന് ശേഷം ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള താല്ക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശുദ്ധജല വിതരണ പദ്ധതി

142 (2599) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി മണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലുള്ള മൊകായി ശുദ്ധജല വിതരണ പദ്ധതി എന്നാണ് പൂർത്തിയായത് ;

LIBRARY ARCHIVES Kerala Legislative Assembly